# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 1849 | 04.10.2011 -ൽ മറുപടിയ്ക്ക് |
|---|---|

## വികലാംഗ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ രംഗത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ; | (എ) | താഴെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി സമഗ്രമായ സാമൂഹ്യ സാമ്പത്തിക സർവ്വേ ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടി ആരംഭിച്ചു.<br>2. വികലാംഗ തിരിച്ചറിയൽ കാർഡ് നൽകുന്നത് ത്വരിതപ്പെടുത്തുവാൻ വേണ്ടി 100 ബ്ലോക്കുകളിലായി ബ്ലോക്ക് ലെവൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>3. വിവിധ തരത്തിലുള്ള വൈകല്യം അനുഭവിക്കുന്നവർക്കായി ഒരു കോൾ ഫ്രീ ഫോൺ ലൈൻ നിഷിന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വികലാംഗർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ